## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 590 — 10-03-2015-ലെ മറുപടിയ്ക്ക്

### കാരുണ്യാ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) |
| എ) | കാരുണ്യ പദ്ധതിയുടെ നടത്തിപ്പിന്റെ വിശദാംശം ലഭ്യമാക്കുമോ; | എ) | 1. മൂന്ന് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ള ബി.പി.എൽ/ എ.പി.എൽ കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം ലഭിക്കും. പരമാവധി ചികിത്സാ ധനസഹായം അനുവദിക്കുന്നത് 2 ലക്ഷം രൂപയാണ്.<br>2. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സാ ധനസഹായം ലഭിക്കും.<br>3. എല്ലാ സർക്കാർ ആശുപത്രികളും എല്ലാ സഹകരണ മെഡിക്കൽ കോളേജുകളും, സ്വാശ്രയ മെഡിക്കൽ കോളേജുകളും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 72 അക്രഡിറ്റഡ് സ്വകാര്യ ആശുപത്രികളിലും, ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ചികിത്സാ ധനസഹായം ലഭിക്കും.<br>4. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ആകെ ധനസഹായ പരിധിയിൽ ഇളവു വരുത്തി ഓരോ രോഗിക്കും 2 ലക്ഷം രൂപാ വീതം ചികിത്സാ ധനസഹായം അനുവദിക്കുന്നതാണ്. ബി.പി.എൽ |

വിഭാഗത്തിലെ ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ധനസഹായം നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. കരൾ, വൃക്ക എന്നിവ ദാനം ചെയ്യുന്നവർക്ക് നിബന്ധനകൾക്ക് വിധേയമായി ചികിത്സാ സഹായമായി ഒരു ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്.

നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ രോഗി സ്ഥിരമായി താമസമുള്ളതും റേഷൻ കാർഡുള്ളതുമായ ജില്ലയിലെ ജില്ലാ ലോട്ടറി ആഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം റേഷൻകാർഡിന്റെ പകർപ്പ്, ആശുപത്രിയിൽ നിന്നും ലഭിച്ചിട്ടുള്ള ചികിത്സാ ചെലവ് കണക്കാക്കികൊണ്ടുള്ള എസ്റ്റിമേറ്റ്, രോഗിയും കുടുംബാംഗങ്ങളും ചേർന്ന് രോഗി താമസിക്കുന്ന വീടിനുമുന്നിൽ നിന്നും എടുത്തിട്ടുള്ളതായ ഒരു കളർ ഫോട്ടോ, രോഗിയുടെ പാസ്പോർട്ട്സൈസ് ഫോട്ടോ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേതാണ്.

ജില്ലാതല കമ്മറ്റിയുടെ ശുപാർശ അനുസരിച്ച് സംസ്ഥാനതല കമ്മറ്റി അനുവദിക്കുന്ന ചികിത്സാ ധനസഹായതുക ബന്ധപ്പെട്ട ആശുപത്രികളിലേക്ക് നൽകുന്നു. എന്നാൽ അടിയന്തിര ചികിത്സ ആവശ്യമുള്ള ഘട്ടങ്ങളിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ചികിത്സാ അനുമതി നല്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനതല കമ്മറ്റിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ള അപേക്ഷകളിൽ അടിയന്തിര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വരുന്ന പക്ഷം സംസ്ഥാന തലത്തിൽ അഡ്മിനിസ്ട്രേറ്ററും മുൻകൂർ ചികിത്സാ അനുമതി നൽകുന്നു. അപേക്ഷ നൽകിയതിനുശേഷം ചികിത്സാ ധനസഹായം ലഭിക്കുവാൻ കാലതാമസം വരുന്ന കേസ്സുകളിൽ രോഗി സ്വന്തം കൈയ്യിൽ നിന്നും ചികിത്സക്കായി വിനിയോഗിച്ച തുക റീഇംബേഴ്സ്മെന്റായി നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അപേക്ഷ സമർപ്പിച്ച തീയതി മുതലാണ് ധനസഹായത്തിന് അർഹത. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് അടിയന്തിരമായി സർജറിക്ക് വിധേയരാകേണ്ടി വരുന്ന ഗുണഭോക്താക്കളുടെ അപേക്ഷ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അതാത് ജില്ലാ ഭാഗ്യക്കുറി ആഫീസിൽ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്.<br><br>സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികളിലെ ചികിത്സയ്ക്കുള്ള അപേക്ഷകൾ ജില്ലാതല സമിതി സുപാർശ ചെയ്യുന്ന മുറയ്ക്ക് ചികിത്സ തുടങ്ങാവുന്നതും ചികിത്സാ ചെലവ് ചികിത്സ കഴിഞ്ഞതിനുശേഷം ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ആശുപത്രികൾക്ക് നൽകുകയും ചെയ്യുന്നു.<br><br>ഹീമോഫിലിയ രോഗികൾക്ക് ആവശ്യമായ ഫാക്ടറുകൾ (മരുന്ന്) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ലഭ്യമാക്കുന്നുണ്ട്. |
| **ബി)** | നിലവിൽ നല്കി വരുന്ന തുകയ്ക്കു പുറമെ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്നവർക്ക് അധിക ധനസഹായം നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; | **ബി)** | കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം നിലവിൽ പരമാവധി ചികിത്സാ ധനസഹായമായി അനുവദിക്കുന്നത് 2 ലക്ഷം രൂപയാണ്. ഹീമോഫിലിയ രോഗികൾക്ക് മാത്രം തുടർന്നും ചികിത്സ ആവശ്യമായി വരുന്നപക്ഷം ഒരു ലക്ഷം രൂപ കൂടി അനുവദിക്കുന്നുണ്ട്. BPL വിഭാഗത്തിൽപ്പെട്ട ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അധിക ധനസഹായം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| **സി)** | കാരുണ്യ പദ്ധതി വിപുലീകരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | **സി)** | നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിലും ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കുമാണ് |

ആദ്യഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജുകളും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാർ ഒപ്പുവച്ചിട്ടുള്ളതുമായ 72 സർക്കാരിതര ആശുപത്രികളിലും ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 27 സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ ചികിത്സാ സൗകര്യം ലഭ്യമാണ്. ഇത് കൂടാതെ, 27 താലൂക്ക് തല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ നടന്നുവരുന്നു. സംസ്ഥാനത്തെ 5 മെഡിക്കൽകോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11/07/2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ഒഴികെ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചിലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഹോമുകളുടെ നിർമ്മാണ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നു.

വൃക്കമാറ്റിവയ്ക്കുന്ന രോഗികൾക്ക് വൃക്ക നൽകുന്ന വ്യക്തിക്ക് നിബന്ധനകൾക്ക് വിധേയമായി ഈ പദ്ധതിയിൽ നിന്നും 1 ലക്ഷം രൂപ കൂടി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഭാരിച്ച ചികിത്സാ

| | | |
|---|---|---|
| | | ചിലവ് കണക്കിലെടുത്ത് ഓരോ രോഗിയ്ക്കും 2 ലക്ഷം രൂപക്കുള്ള ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഹീമോഫീലിയ രോഗികൾക്ക് നിലവിൽ നൽകി വരുന്ന 2 ലക്ഷം രൂപ ചികിത്സാധനസഹായത്തിനുപരിയായി 1 ലക്ഷം രൂപ കൂടി അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ BPL കുടുംബങ്ങളിലുള്ള ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ധനസഹായം ലഭ്യമാക്കുന്നതിനും തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.